"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: അനീഷ് എ ബി)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു..

പരാമർശം:- 1. 19.04.2022 തീയതിയിലെ DT/2883/2021-A9 നമ്പർ ഉത്തരവ്.
2. 01.08.2022 തീയതിയിലെ DT/3527/2022-A9 നമ്പർ ഉത്തരവ്.
3. 01.08.2022 തീയതിയിലെ DT/3338/2022-A9 നമ്പർ ഉത്തരവ്.
4. 06.08.2022 തീയതിയിലെ DT/3527/2022-A9 നമ്പർ ഉത്തരവ്.
5. 31.08.2022 തീയതിയിലെ DT/3338/2022-A9 നമ്പർ ഉത്തരവ്.

*******

**ഉത്തരവ് നമ്പർ: DT/3527/2022-A9 തീയതി. 23.01.2023**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്.

1. ഐ.ടി.ഐ ചന്ദനത്തോപ്പ് - 1
2. ഐ.ടി.ഐ ചെങ്ങന്നൂർ - 1
3. ഐ.ടി.ഐ ഏറ്റുമാനൂർ - 2
4. ഐ.ടി.ഐ കട്ടപ്പന - 1
5. ഐ.ടി.ഐ കളമശ്ശേരി - 2
6. ഐ.ടി.ഐ മലമ്പുഴ - 1

വകുപ്പിലെ സ്റ്റോർ അറ്റൻഡർ തസ്തികയിലെ 3 ഒഴിവുകൾ SC/ST പ്രത്യേക നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്നതിനാൽ കഴക്കൂട്ടം (വ) ഐ.ടി.ഐ, ധനുവച്ചപുരം ഐ.ടി.ഐ, ചാക്ക ഐ.ടി.ഐ എന്നീ സ്ഥാപനങ്ങളിലെ ടി തസ്തികയിലെ ഒഴിവ് പരാമർശം (2) പ്രകാരം ഒഴിച്ചിട്ടിരുന്നു. ചാക്ക ഐ.ടി.ഐ യിലെ സ്റ്റോർ അറ്റൻഡറിനു പരാമർശം (3) പ്രകാരം എൽ.ഡി.സ്റ്റോർകീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചത് മുഖേനയുള്ള ഒഴിവാണ് ടി സ്ഥാപനത്തിൽ ഒഴിച്ചിട്ടിരുന്നത്. എന്നാൽ, മേൽപ്രകാരമുള്ള സ്ഥാനക്കയറ്റം പരാമർശം (5) പ്രകാരം നിരാകരിച്ചിട്ടുള്ളതിനാൽ ചാക്ക ഐ.ടി.ഐ യിൽ ടി തസ്തികയിൽ ഒഴിവ് നിലവിലില്ല. കൂടാതെ ശേഷിക്കുന്ന 2 സ്ഥാപനങ്ങളിലെ ഒഴിവുകളിൽ പരാമർശം (4) പ്രകാരം താത്കാലിക ക്രമീകരണം നടത്തി നികത്തപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ SC/ST പ്രത്യേക നിയമനത്തിനായി പരാമർശം (2) പ്രകാരം ഒഴിച്ചിട്ടിരുന്ന 3 ഒഴിവുകളിലും, നിലവിൽ ജീവനക്കാർ സേവനത്തിലുള്ളതിനാലും, SC/ST പ്രത്യേക നിയമനം നടത്തേണ്ടതിനു ഒഴിവുകൾ മാറ്റിവയ്ക്കേണ്ടതിനാലും, നിലവിലുള്ള 8 ഒഴിവുകളിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ 3 ഒഴിവുകൾ ഒഴിച്ചിടുന്നു.

1. ഐ.ടി.ഐ ചന്ദനത്തോപ്പ്
2. ഐ.ടി.ഐ ഏറ്റുമാനൂർ
3. ഐ.ടി.ഐ കട്ടപ്പന

ശേഷിക്കുന്ന ഒഴിവുകളിൽ പരാമർശം (1) പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹരായ ജീവനക്കാർക്ക് KS & SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 23700-52600 രൂപ ശമ്പള നിരക്കിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തിക മാറ്റം മുഖേന സ്ഥാനക്കയറ്റം അനുവദിച്ച് ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര് / തസ്തിക / സ്ഥാപനം | തസ്തിക മാറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 680 | ബാലകൃഷ്ണൻ പി<br>വാച്ച്മാൻ<br>ഐ.ടി.ഐ മാള | ഐ.ടി.ഐ കളമശ്ശേരി |
| 2 | 682 | സുധീഷ് കുമാർ ജി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ തിരുവാർപ്പ് | ഐ.ടി.ഐ ഏറ്റുമാനൂർ |
| 3 | 683 | അനിൽ കുമാർ എസ്.<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.ടി.ഐ (വ) മെഴുവേലി | ഐ.ടി.ഐ ചെങ്ങന്നൂർ |
| 4 | 684 | സുനിൽ കുമാർ കെ<br>(Kaniyarakka)<br>വാച്ച്മാൻ<br>ആർ.ഡി.റ്റി. കണ്ണൂർ | ഐ.ടി.ഐ കളമശ്ശേരി |
| 5 | 685 | ജയപ്രകാശ് കെ<br>വാച്ച്മാൻ<br>ഐ.ടി.ഐ കുറുമാത്തൂർ | ഐ.ടി.ഐ മലമ്പുഴ |

മേൽപ്രകാരം തസ്തിക മാറ്റം അനുവദിച്ച ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ജോയിനിംഗ് ടൈം / ടി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് നിയമനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ പുനഃപരിശോധിക്കുന്നതാണ്.

**(ഒപ്പ്)**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ് :

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപന മേധാവി മുഖേന)

പകർപ്പ് :-

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ

**// ഉത്തരവിൻ പ്രകാരം //**

**സീനിയർ സൂപ്രണ്ട്**